## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3020 20.12.2012- ൽ മറുപടിക്ക്**

### സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫോഴ്സ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് നാഷണൽ ഡിസാസ്റ്റർ റസ്പോൺസ് ഫോഴ്സിന്റെ മാതൃകയിൽ കേരളത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫോഴ്സിന്റെ വിശദവിവരങ്ങൾ നൽകുമോ; ഏതെല്ലാം മേഖലകളുമായി ബന്ധപ്പെടുത്തിയാണ് ഇത് രൂപം നൽകുന്നതെന്നു പറയുമോ ; ഇതിന്റെ യൂണിറ്റുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ? | (എ) | സംസ്ഥാനത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു സേന ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ പോലീസ് സേനയിലെ 100 അംഗങ്ങൾ ഉൾപ്പെട്ട സംസ്ഥാന ദുരന്ത നിവാരണ സേന (സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫോഴ്സ്) രൂപീകരിച്ചിട്ടുണ്ട്. ഈ സേനയിലെ അംഗങ്ങൾക്ക് ദേശീയ ദുരന്ത നിവാരണ സേന (National Disaster Response Force) യുടെ കീഴിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതാണ്. പ്രകൃതി ദുരന്തങ്ങൾ അടക്കമുള്ള എല്ലാവിധ ദുരന്തങ്ങളും ഉണ്ടാകുന്ന വേളയിൽ ദുരന്ത മുഖത്ത് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേർന്ന് രക്ഷാ പ്രവർത്തനം അടക്കമുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ഒരു പ്രത്യേക സേനയായി, നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിന്റെ മാതൃകയിൽ, ഒരു സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് വാർത്തെടുക്കുക എന്നുള്ളതാണ് ഉദ്ദേശ്യ ലക്ഷ്യം. പോലീസ് സേനയിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ഈ സേനയിലേക്ക് നിയമനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ